പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാളവയൽ (സംരക്ഷിക്കലും നടത്തിപ്പും) ബിൽ

(ശ്രീ. അനൂപ് ജേക്കബ് എം. എൽ. എ. നോട്ടീസ് നൽകിയത്)

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
൨൦൧൯

454/2019.

പതിനാലാം കേരള നിയമസഭ

ബിൽ നമ്പർ 195

# 2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാളവയൽ (സംരക്ഷിക്കലും നടത്തിപ്പും) ബിൽ

(ശ്രീ. അനൂപ് ജേക്കബ് എം. എൽ. എ. നോട്ടീസ് നൽകിയത്)

കേരള സംസ്ഥാനത്തെ കർഷകരെയും കർഷകത്തൊഴിലാളികളെയും കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുന്നതിനും കാർഷിക സംസ്കാരം വളർത്തുന്നതിനുമായി കാളയോട്ടവും കാളവയലും ഉൾപ്പെടെയുള്ള കാർഷികോത്സവങ്ങൾ സംരക്ഷിക്കുന്നതിനും നടത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ള

ഒരു

ബിൽ

പീഠിക.—കേരളത്തിൽ ആഘോഷിക്കപ്പെടുന്ന കാർഷികോത്സവങ്ങൾ കാർഷിക സംസ്കൃതിയുമായി ജനങ്ങളെ ബന്ധിപ്പിക്കുന്ന സുപ്രധാന കണ്ണിയാണ്. ഓരോ പ്രദേശത്തിന്റെയും സാംസ്കാരിക തനിമയെയും സാമൂഹിക സാമ്പത്തിക സുരക്ഷയെയും കാർഷികോത്സവങ്ങൾ പരിപോഷിപ്പിക്കുന്നു. കൃഷിയും കൃഷി അധിഷ്ഠിത പ്രവർത്തനങ്ങളും പ്രോത്സാഹിപ്പിക്കപ്പെട്ടാൽ മാത്രമേ ഭക്ഷ്യ-സ്വയംപര്യാപ്തതയിലേക്കും, ഭക്ഷ്യ സുരക്ഷയിലേക്കും നീങ്ങാൻ കഴിയുകയുള്ളൂ എന്ന ബോദ്ധ്യത്തിന്റെ അടിസ്ഥാനത്തിൽ പലവിധ സാഹചര്യങ്ങൾമൂലം നിലച്ചുപോയിട്ടുള്ള കാളയോട്ടവും കാളവയലും ഉൾപ്പെടെയുള്ള കാർഷികോത്സവങ്ങൾ പുനരാരംഭിക്കേണ്ടത് അനിവാര്യമാകയാൽ ;

ഭാരത റിപ്പബ്ലിക്കിന്റെ എഴുപതാം സംവത്സരത്തിൽ താഴെപ്പറയുന്ന പ്രകാരം നിയമമുണ്ടാക്കുന്നു:—

1. ചുരുക്കപ്പേരും പ്രാരംഭവും വ്യാപ്തിയും.—(1) ഈ ആക്റ്റിന് "2019-ലെ കേരള കാർഷികോത്സവ, കാളയോട്ട, കാളവയൽ (സംരക്ഷിക്കലും നടത്തിപ്പും) ആക്റ്റ്" എന്ന് പേര് പറയാം.

(2) ഇതിന് കേരള സംസ്ഥാനം മുഴുവൻ വ്യാപ്തി ഉണ്ടായിരിക്കുന്നതാണ്.

(3) ഈ ആക്റ്റിലെ വ്യവസ്ഥകൾ സർക്കാർ വിജ്ഞാപനം വഴി നിശ്ചയിക്കുന്ന തീയതി മുതൽ പ്രാബല്യത്തിൽ വരുന്നതാണ്.

2. നിർവ്വചനങ്ങൾ.—(1) ഈ ബില്ലിൽ സന്ദർഭം മറ്റുവിധത്തിൽ ആവശ്യപ്പെടാത്ത പക്ഷം,—

(എ) "സർക്കാർ" എന്നാൽ കേരള സർക്കാർ എന്നർത്ഥമാകുന്നു;

(ബി) "കാർഷികോത്സവ കമ്മിറ്റി" എന്നാൽ 3-ാം വകുപ്പ് പ്രകാരം രൂപീകരിച്ച കമ്മിറ്റി എന്നർത്ഥമാകുന്നു;

(സി) "അംഗം" എന്നാൽ കാർഷികോത്സവ കമ്മിറ്റിയിലെ ഒരംഗം എന്നർത്ഥമാകുന്നു. അതിൽ ചെയർമാൻ/ചെയർപേഴ്സൺ/വൈസ് ചെയർമാൻ/വൈസ് ചെയർപേഴ്സൺ/കൺവീനർ/ജോയിന്റ് കൺവീനർ എന്നിവർ ഉൾപ്പെടുന്നതുമാകുന്നു;

(ഡി) "കാർഷികോത്സവം" എന്നാൽ വിളവെടുപ്പ് ഉത്സവം എന്നർത്ഥമാകുന്നു; അതിൽ കന്നുകാലികളുടെയും കാർഷികോപകരണങ്ങളുടെയും പ്രാദേശിക കാർഷിക വിളകളുടെയും പ്രദർശന, വിപണനവും കാളയോട്ട, മരമടി മത്സരവും കാളവയലും ഉൾപ്പെടുന്നതുമാകുന്നു.

(2) ഈ ആക്ടിൽ ഉപയോഗിച്ചിട്ടുള്ളതും നിർവ്വചിച്ചിട്ടില്ലാത്തതും എന്നാൽ സംസ്ഥാനത്തെ കൃഷി വകുപ്പുമായോ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട വിവിധ നിയമങ്ങളിൽ നിർവ്വചിച്ചിട്ടുള്ളതുമായ വാക്കുകൾക്കും പ്രയോഗങ്ങൾക്കും അവയ്ക്ക് ആ ആക്ടിൽ യഥാക്രമം നൽകിയിട്ടുള്ള അർത്ഥങ്ങൾ ഉണ്ടായിരിക്കുന്നതാണ്.

3. <u>കാർഷികോത്സവ കമ്മിറ്റിയുടെ രൂപീകരണം</u>.—(1) സർക്കാർ വിജ്ഞാപനം വഴി ഈ ആക്ട് നിലവിൽ വന്ന തീയതി മുതൽ 6 മാസത്തിനകം ഈ ആക്ടിൻ കീഴിലുള്ള അധികാരങ്ങളും ചുമതലകളും നിർവ്വഹിക്കുന്നതിനായി കാർഷികോത്സവ കമ്മിറ്റി എന്ന പേരിൽ ഒരു കമ്മിറ്റി രൂപീകരിക്കേണ്ടതാണ്.

(2) (1)-ാം ഉപവകുപ്പിൻ കീഴിൽ രൂപീകരിക്കപ്പെട്ട കാർഷികോത്സവ കമ്മിറ്റി ശാശ്വത പിൻതുടർച്ചാവകാശത്തോടും പൊതുമുദ്രയോടും കൂടിയതും ഈ ആക്ടിലെ വ്യവസ്ഥകൾക്ക് വിധേയമായി കരാറുകളിൽ ഏർപ്പെടുന്നതിനും സ്ഥാവരജംഗമ സ്വത്തുക്കൾ ആർജ്ജിക്കുന്നതിനും കൈവശം വയ്ക്കുന്നതിനും കൈയൊഴിയുന്നതിനുമുള്ള അധികാരത്തോടു കൂടിയതുമായ മേൽപ്പറഞ്ഞ പേരിലുള്ള ഒരു ഏകാംഗീകൃത നികായമായിരിക്കുന്നതും പ്രസ്തുത പേരിൽ വ്യവഹരിക്കുകയും വ്യവഹരിക്കപ്പെടുകയും ചെയ്യേണ്ടതുമാകുന്നു.

(3) കാർഷികോത്സവ കമ്മിറ്റിയുടെ ആസ്ഥാനം പിറവം ആയിരിക്കുന്നതാണ്.

4. <u>കാർഷികോത്സവ കമ്മിറ്റിയുടെ ഘടന</u>.—(1) കാർഷികോത്സവ കമ്മിറ്റിയിൽ ചെയർമാൻ/ചെയർപേഴ്സൺ/വൈസ് ചെയർമാൻ/വൈസ് ചെയർപേഴ്സൺ/കൺവീനർ/ജോയിന്റ് കൺവീനർ ഉൾപ്പെടെ പതിനൊന്ന് അംഗങ്ങൾ ഉണ്ടായിരിക്കേണ്ടതാണ്.

(2) കാർഷികോത്സവ കമ്മിറ്റിയിൽ താഴെപ്പറയുന്നവർ അംഗങ്ങളായിരിക്കുന്നതാണ്:

(i) സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട നിയമസഭാംഗങ്ങളിൽ നിന്നും സർക്കാർ നാമനിർദ്ദേശം ചെയ്യുന്ന ഒരു നിയമസഭാംഗം-ചെയർമാൻ/ചെയർപേഴ്സൺ;

(ii) കൃഷിവകുപ്പ് സെക്രട്ടറി-വൈസ് ചെയർമാൻ/വൈസ് ചെയർപേഴ്സൺ;

(iii) മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറി-വൈസ് ചെയർമാൻ/വൈസ് ചെയർപേഴ്സൺ;

(iv) കൃഷിവകുപ്പ് ഡയറക്ടർ-കൺവീനർ;

(v) മൃഗസംരക്ഷണ വകുപ്പ് ഡയറക്ടർ-കൺവീനർ;

(vi) ജില്ലാ കളക്ടർ-ജോയിന്റ് കൺവീനർ;

(vii) പഞ്ചായത്ത് പ്രസിഡന്റ്-അംഗം;

(viii) കൃഷിവകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ-അംഗം;

(ix) മൃഗസംരക്ഷണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ-അംഗം;

(x) തദ്ദേശ സ്വയംഭരണ വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ-അംഗം;

(xi) ടൂറിസം വകുപ്പ് ഡെപ്യൂട്ടി ഡയറക്ടർ-അംഗം.

5. <u>കാർഷികോത്സവ കമ്മിറ്റിയുടെ ഔദ്യോഗിക കാലാവധി.</u>—കാർഷികോത്സവ കമ്മിറ്റിയിലെ അംഗങ്ങളുടെ ഔദ്യോഗിക കാലാവധി അഞ്ച് വർഷമോ അറുപത്തിയഞ്ച് വയസ്സ് വരെയോ, സർക്കാർ ജീവനക്കാരനാണെങ്കിൽ സർവ്വീസിൽനിന്ന് വിരമിക്കുന്നതുവരെയോ ഏതാണോ ആദ്യം അതുവരെ ആയിരിക്കും.

6. <u>കാർഷികോത്സവ കമ്മിറ്റിയിലെ അംഗത്വത്തിനുള്ള അയോഗ്യതകൾ.</u>—

(എ) സ്ഥിരബുദ്ധിയില്ലാത്ത ആളായിരിക്കുകയും അങ്ങനെയാണെന്ന് ക്ഷമതയുള്ള ഒരു കോടതി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ടെങ്കിലോ മാനസികമോ ശാരീരികമോ ആയ വൈകല്യംമൂലം അത്തരത്തിൽ തുടരുന്നതിന് കഴിവില്ലാതായി തീരുകയോ ചെയ്തിട്ടുണ്ടെങ്കിൽ ; അല്ലെങ്കിൽ

(ബി) അവിമുക്തനിർദ്ധനനായി പ്രഖ്യാപിച്ചിട്ടുണ്ടെങ്കിൽ ; അല്ലെങ്കിൽ

(സി) സർക്കാരിന്റെ അഭിപ്രായത്തിൽ സാന്മാർഗ്ഗിക ദൂഷ്യമോ അല്ലെങ്കിൽ സാമ്പത്തിക ക്രമക്കേടുകളോ ഉൾപ്പെടുന്ന ഒരു കുറ്റകൃത്യത്തിന് ശിക്ഷിക്കപ്പെട്ടിട്ടുള്ള ആളാണെങ്കിൽ ; അല്ലെങ്കിൽ

(ഡി) പൊതുജനഹിതത്തിനെതിരായി തൽസ്ഥാനത്ത് തുടരുന്നതിന് വേണ്ടിയോ സാമ്പത്തിക നേട്ടമുണ്ടാക്കുന്നതിനുവേണ്ടിയോ തന്റെ ഔദ്യോഗിക സ്ഥാനം ദുരുപയോഗപ്പെടുത്തിയതായി സംശയാതീതമായി തെളിയിക്കപ്പെടുകയാണെങ്കിൽ; അയാൾ കാർഷികോത്സവ കമ്മിറ്റിയുടെ അംഗമായി നിയമിക്കപ്പെടുന്നതിനോ തുടരുന്നതിനോ അയോഗ്യനായിരിക്കുന്നതാണ്.

(2) ഒന്നാം ഉപവകുപ്പ് പ്രകാരം അയോഗ്യനാക്കപ്പെടുന്ന അംഗത്തെ ഉടൻ തന്നെ സർക്കാർ ഉത്തരവ് മുഖേന തൽസ്ഥാനത്ത് നിന്നും നീക്കം ചെയ്യേണ്ടതാണ്.

7. <u>കാർഷികോത്സവ കമ്മിറ്റിയുടെ സിറ്റിംഗ്</u>.—(1) ചെയർമാൻ/ചെയർപേഴ്സൺ തീരുമാനിക്കുന്ന അങ്ങനെയുള്ള സമയങ്ങളിലും അങ്ങനെയുള്ള സ്ഥലത്തും കാർഷികോത്സവ കമ്മിറ്റിയുടെ സിറ്റിംഗ് നടത്തേണ്ടതാണ്.

(2) കാർഷികോത്സവ കമ്മിറ്റി വർഷത്തിൽ കുറഞ്ഞത് രണ്ടു തവണയെങ്കിലും സിറ്റിംഗ് നടത്തിയിരിക്കേണ്ടതാണ്.

(3) കാർഷികോത്സവ കമ്മിറ്റിയുടെ സിറ്റിംഗിന് വേണ്ട ക്വാറം ചെയർമാൻ/ചെയർപേഴ്സൺ ഉൾപ്പെടെ നാല് ആയിരിക്കുന്നതാണ്.

8. <u>കാർഷികോത്സവ കമ്മിറ്റിയുടെ അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും</u>.—(1) കാർഷികോത്സവ കമ്മിറ്റിക്ക് ഇനിപ്പറയുന്ന അധികാരങ്ങളും ചുമതലകളും കർത്തവ്യങ്ങളും ഉണ്ടായിരിക്കുന്നതാണ്; അതായത്:—

(i) കാർഷികോത്സവം എല്ലാ വർഷവും ഫെബ്രുവരി-മാർച്ച് മാസങ്ങൾക്കിടയ്ക്ക് സംഘടിപ്പിക്കൽ ;

(ii) കാർഷികോത്സവ നടത്തിപ്പിൽ കൃഷി, മൃഗസംരക്ഷണം, തദ്ദേശ സ്വയംഭരണം, റവന്യൂ, ടൂറിസം വകുപ്പുകളുടെ ഏകോപനം ഉറപ്പാക്കൽ;

(iii) (ii)-ാം ഉപവകുപ്പിലെ വിവിധ ഉദ്യോഗസ്ഥരും, കാർഷികോത്സവ പ്രദേശത്തെ ജനപ്രതിനിധികളും, പൊതുപ്രവർത്തകരും, കാർഷിക വിദഗ്ധരും ഉൾപ്പെട്ട വിവിധ സബ്-കമ്മിറ്റികൾ രൂപീകരിക്കൽ;

(iv) കർഷകർ, കാർഷിക വിദഗ്ധർ എന്നിവരിൽ നിന്നും കർഷക സംഘടനകൾ, സൊസൈറ്റികൾ എന്നിവയിൽ നിന്നും കാർഷികോത്സവ നടത്തിപ്പ് സംബന്ധിച്ച നിർദ്ദേശങ്ങളും അഭിപ്രായങ്ങളും സ്വരൂപിക്കൽ;

(v) കാർഷികോത്സവത്തിലെ വിവിധ പ്രദർശന വിപണന മത്സര വിഭാഗങ്ങൾ നിശ്ചയിക്കലും മാനദണ്ഡങ്ങൾ നിർണ്ണയിക്കലും;

(vi) കാർഷികോത്സവത്തിൽ പങ്കെടുക്കുന്ന കന്നുകാലികളും മൃഗങ്ങളും പീഡിപ്പിക്കപ്പെടുന്നില്ല എന്ന് ഉറപ്പാക്കൽ;

(vii) കാർഷികോത്സവത്തിൽ പങ്കെടുക്കുന്നവരെയും സംഘടനകളെയും പ്രോത്സാഹിപ്പിക്കുന്നതിനുതകുന്ന വിധത്തിൽ അവാർഡുകൾ/ക്യാഷ് അവാർഡുകൾ ഏർപ്പെടുത്തൽ;

(viii) (i) മുതൽ (vii) വരെയുള്ള ഉപവകുപ്പുകളിൽ പരാമർശിച്ചിട്ടുള്ള കാര്യങ്ങൾ നിർവ്വഹിക്കുന്നതിനായി പ്രാദേശിക കമ്മിറ്റിയ്ക്ക് വിവിധ സബ്-കമ്മിറ്റികളെ ചുമതലപ്പെടുത്താവുന്നതാണ്.

9. <u>എഴുത്തുകുത്തുകൾ നടത്തുന്നതിനുള്ള മാർഗ്ഗം</u>.—കാർഷികോത്സവ കമ്മിറ്റിയിൽ നിന്നുള്ളതും കാർഷികോത്സവ കമ്മിറ്റിയിലേയ്ക്കുള്ളതുമായ എഴുത്തുകുത്തുകൾ ചെയർമാൻ/ചെയർപേഴ്സണിന്റെ പേരിൽ നടത്തേണ്ടതാണ്.

10. <u>ചട്ടങ്ങൾ ഉണ്ടാക്കാനുള്ള അധികാരം</u>.—(1) സർക്കാരിന് ഗസറ്റ് വിജ്ഞാപനം മൂലം ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിന് വേണ്ട ചട്ടങ്ങൾ ഉണ്ടാക്കാവുന്നതാണ്.

(2) ഈ ആക്ട് പ്രകാരമുണ്ടാക്കിയ ഏതൊരു ചട്ടവും അതുണ്ടാക്കിയതിനുശേഷം കഴിയുന്നത്ര വേഗം നിയമസഭാ സമ്മേളനത്തിൽ ആയിരിക്കുമ്പോൾ അതിന്റെ മുമ്പാകെ ഒരു സമ്മേളനത്തിലെ തുടർച്ചയായുള്ള രണ്ട് സമ്മേളനങ്ങളിലോപെടാവുന്ന ആകെ 14 ദിവസക്കാലത്തേയ്ക്ക് വയ്ക്കേണ്ടതും അപ്രകാരം അത് ഏത് സമ്മേളനത്തിൽ വയ്ക്കുന്നുവോ ആ സമ്മേളനമോ തൊട്ടടുത്തുവരുന്ന സമ്മേളനമോ അവസാനിക്കുന്നതിനുമുമ്പ് നിയമസഭ പ്രസ്തുത ചട്ടത്തിൽ രൂപഭേദം വരുത്തുകയോ അല്ലെങ്കിൽ ചട്ടം ഉണ്ടാക്കേണ്ടതില്ലെന്ന് തീരുമാനിക്കുകയോ ചെയ്യുന്നപക്ഷം ആ ചട്ടത്തിന് അതിനുശേഷം അതതു സംഗതിപോലെ അങ്ങനെ രൂപപ്പെടുത്തിയ രൂപത്തിൽ മാത്രം പ്രാബല്യമുണ്ടായിരിക്കുകയോ അല്ലെങ്കിൽ യാതൊരു പ്രാബല്യവും ഇല്ലാതിരിക്കുകയോ ചെയ്യുന്നതും ആകുന്നു. എന്നിരുന്നാലും അങ്ങനെയുള്ള ഏതെങ്കിലും രൂപപ്പെടുത്തലോ റദ്ദാക്കലോ ആ ചട്ടപ്രകാരം മുൻപ് ചെയ്തിട്ടുള്ള ഏതെങ്കിലും സംഗതിയുടെ സാധുതയ്ക്ക് ഭംഗം വരാത്ത വിധത്തിലായിരിക്കേണ്ടതാണ്.

## ഉദ്ദേശ്യകാരണങ്ങളുടെ വിവരണം

കേരള സംസ്ഥാനത്തെ ലക്ഷക്കണക്കിന് കർഷകരെയും കർഷകത്തൊഴിലാളികളെയും കാർഷിക വൃത്തിയിൽ പ്രോത്സാഹിപ്പിക്കേണ്ടത് സംസ്ഥാനത്തിന്റെ കാർഷിക-ജൈവ-വൈവിദ്ധ്യ പാരിസ്ഥിതിക മേഖലകളുടെ സുസ്ഥിര നിലനില്പിന് അത്യാവശ്യമാണ്. മണ്ണും, മനുഷ്യനും, കൃഷിയും, മൃഗങ്ങളും പരിസ്ഥിതിയുമായുള്ള പാരസ്പര്യത്തിന്റെ കണ്ണിയാകാൻ കാർഷികോത്സവങ്ങൾക്ക് കഴിയും. കാളയോട്ടവും കാളവയലും ഉൾപ്പെടെയുള്ള കാർഷികോത്സവങ്ങൾ പലവിധ സാഹചര്യങ്ങൾമൂലം നിലച്ചുപോയ സാഹചര്യത്തിൽ കർഷകരെയും കർഷകത്തൊഴിലാളികളെയും കാർഷികവൃത്തിയിൽ പ്രോത്സാഹിപ്പിക്കുന്നതിനും അംഗീകാരം നല്കുന്നതിനും പുതിയൊരു കാർഷിക സംസ്കൃതി വളർത്തിയെടുക്കുന്നതിനും ഉതകുന്ന വിധത്തിൽ സംസ്ഥാനത്ത് കാർഷികോത്സവം സംരക്ഷിക്കുന്നതിനും നടത്തുന്നതിനും ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ ബിൽ.

## ധനകാര്യമെമ്മോറാണ്ടം

ബില്ലിലെ വ്യവസ്ഥകൾ അനുസരിച്ച് കാർഷികോത്സവം നടത്തുന്നതിനായി കാർഷികോത്സവ കമ്മിറ്റി നിലവിൽ വരികയും പ്രവർത്തനക്ഷമമാവുകയും ചെയ്യുമ്പോൾ മാത്രമേ ഇതിനുവേണ്ടിവരുന്ന സാമ്പത്തിക ബാദ്ധ്യത എത്രയെന്ന് കണക്കാക്കാൻ കഴിയുകയുള്ളൂ. എങ്കിലും കാർഷികോത്സവ കമ്മിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി 5 ലക്ഷം രൂപ സഞ്ചിതനിധിയിൽനിന്നും ചെലവ് പ്രതീക്ഷിക്കുന്നു.

## ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം സംബന്ധിച്ച മെമ്മോറാണ്ടം

ഈ ആക്ടിലെ വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനുള്ള ചട്ടങ്ങൾ ഉണ്ടാക്കുന്നതിന് സർക്കാരിനെ അധികാരപ്പെടുത്താൻ ബില്ലിലെ 10-ാം ഖണ്ഡം കൊണ്ടുദ്ദേശിക്കുന്നു. ഏതു കാര്യങ്ങളെ സംബന്ധിച്ചാണോ വിജ്ഞാപനങ്ങളോ ഉത്തരവുകളോ പുറപ്പെടുവിക്കേണ്ടത് അല്ലെങ്കിൽ ചട്ടങ്ങളോ റെഗുലേഷനുകളോ ഉണ്ടാക്കേണ്ടത് അവ നടപടിക്രമം സംബന്ധിച്ചുള്ളതും സാധാരണവും ഭരണപരവുമായ സ്വഭാവത്തോടുകൂടിയതുമാണ്. കൂടാതെ ചട്ടങ്ങൾ നിയമസഭയുടെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയവുമാണ്. ആയതിനാൽ ഏൽപ്പിച്ചുകൊടുത്ത നിയമനിർമ്മാണാധികാരം, സാധാരണ സ്വഭാവത്തിലുള്ളതാണ്.

അനൂപ് ജേക്കബ്, എം. എൽ. എ.